"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2024 - 25 അദ്ധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി, വിതരണം എന്നിവ കെ.ബി.പി.എസ്-നെ ഏല്പിച്ചുകൊണ്ടും പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പർ, സ്റ്റോർ പർച്ചേസ് മാനദണ്ഡം പാലിച്ചുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വാങ്ങുന്നതിന് സ്റ്റേഷനറി വകുപ്പിനെ ചുതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.4839/2023/GEDN തീയതി,തിരുവനന്തപുരം, 24-08-2023

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.05.2023 ലെ എ1/77/2023/ടിബിഒ നമ്പർ കത്ത്
2. 2024-25 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടി, വിതരണം, പേപ്പർ പർചേസ് നടപടികൾ സംബന്ധിച്ച് 05/07/2023 ൽ ചേർന്ന ഉന്നതതല യോഗത്തിന്റെ നടപടിക്കുറിപ്പ്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.08.2023 ലെ എ1/77/2023/ടിബിഒ നമ്പർ കത്ത്

**ഉത്തരവ്**

2024-25 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകം അച്ചടിക്കുന്നതിനാവശ്യമായ പേപ്പർ വാങ്ങുന്നതിനും, അച്ചടി വിതരണ ചുമതലകൾ നല്കുന്നതിനുമായി ഉന്നതതലയോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി, വിതരണം എന്നിവ നിലവിൽ നടത്തിവരുന്ന കെ.ബി.പി.എസ്-നെ ഏല്പിക്കാവുന്നതാണെന്നും, പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പർ, സ്റ്റോർ പർച്ചേസ് മാനദണ്ഡം പാലിച്ചുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വാങ്ങി സമയബന്ധിതമായി കെ.ബി.പി.എസിന് നൽകുന്നതിന് സ്റ്റേഷനറി വകുപ്പിനെ ചുതലപ്പെടുത്താവുന്നതാണെന്നും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയ്ക്കാവശ്യമായേക്കാവുന്ന പേപ്പറിന്റെ അളവ് , തുക എന്നിവ ഉൾപ്പെട്ട ശിപാർശ പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പർ, ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ specification പ്രകാരം 99,97,56,574/- (തൊണ്ണൂറ്റൊൻപത് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അൻപത്തിആറായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപയിൽ

അധികരിക്കാതെ സ്റ്റോർ പർച്ചേസ് മാനദണ്ഡം പാലിച്ചുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി വാങ്ങി കെ.ബി.പി.എസിന് നൽകുന്നതിന് സ്റ്റേഷണറി വകുപ്പിനെ ചുമതലപ്പെടുത്തിയും പാഠപുസ്തക അച്ചടി, വിതരണം എന്നിവ കെ.ബി.പി.എസ്-നെ ഏല്പിച്ചുകൊണ്ടും ചുവടെ ചേർക്കുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

| Sl No | Paper Size | Paper Requirement MT(without buffer) | Rate per Metric Tonne(2023-24 Academic Year Existing) | Rate per Metric Tonne(2024-25 Academic Year - proposed) | Amount (Rs.) (3)*(5) |
|---|---|---|---|---|---|
| -1 | -2 | -3 | -4 | -5 | -6 |
| 1 | 83 CM X 70 GSM Maplitho | 4547.58 | 103000 | 112270 | 51,05,56,807 |
| 2 | 76 CM X 70 GSM Maplitho | 2686.67 | 103000 | 112270 | 30,16,32,441 |
| 3 | 56 CM X 70 GSM Maplitho | 58.81 | 103000 | 112270 | 66,02,599 |
| 4 | 41.5 CM X 70 GSM Maplitho | 211.31 | 103000 | 112270 | 2,37,23,774 |
| 5 | 38 CM X 70 GSM Maplitho | 162.84 | 103000 | 112270 | 1,82,82,047 |
| | Total | 7667.21 | | | 86,07,97,667 |
| 6 | 58 CM X 86 CM X 200 GSM multilayered board/folding box board | 721.47 | 106844 | 116460 | 8,40,22,396 |
| 7 | 58 CM X 78 CM X 200 GSM multilayered board/folding box board | 471.72 | 106844 | 116460 | 5,49,36,511 |
| | Total | 1193.19 | | | 13,89,58,907 |
| | **Grand Total** | 8860.4 | | | 99,97,56,574 |

<u>നിബന്ധനകൾ</u>

1. 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കായി വേണ്ടിവരുന്ന പേപ്പറുകളുടെ അളവ് ഏതൊക്കെ സമയങ്ങളിൽ ലഭിക്കണമെന്ന സമയക്രമം മുൻകൂട്ടി തയ്യാറാക്കി കെ.ബി.പി.എസ് സ്റ്റേഷനറി വകുപ്പിന് കൈമാറേണ്ടതും, ആയതുപ്രകാരമുള്ള സമയക്രമം ഉൾപ്പെടുത്തിയുള്ള ടെണ്ടർ നടപടികൾ സ്റ്റേഷനറി വകുപ്പ് സ്വീകരിക്കേണ്ടതുമാണ്. പർച്ചേസ് ചെയ്യുന്ന അച്ചടി പേപ്പറിന്റെ ഗുണനിലവാര

പരിശോധന പൂർണ്ണമായും സ്റ്റേഷനറി വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

2. പർച്ചേസ് ചെയ്യേണ്ട അച്ചടി പേപ്പറുകൾ കെ.ബി.പി.എസ് ഗോഡൗണിൽ എത്തിക്കുന്നതിനുള്ള എല്ലാ ചെലവുകളും (കയറ്റിറക്ക്, കടത്തുകൂലി, ഇൻഷ്വറൻസ്, ടാക്സ്, മറ്റെല്ലാം) ചേർത്തുള്ള നിരക്കിലായിരിക്കണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത്.

3. സ്റ്റേഷനറി വകുപ്പ് പാഠപുസ്തക അച്ചടിക്കായി പർച്ചേസ് ചെയ്യുന്ന അച്ചടിപേപ്പറിന്റെ വിതരണം പൊതുവിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസിൽ നിയോഗിച്ചിട്ടുള്ള സ്റ്റോർ കീപ്പർ/സ്റ്റോർ അസിസ്റ്റന്റ് എന്നിവരുടെ സാന്നിധ്യത്തിൽ ആയിരിക്കേണ്ടതും പ്രസ്തുത പേപ്പറിന്റെ സ്റ്റോക്ക് വിവരം സ്റ്റോക്ക് കീപ്പർമാർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. അവശ്യഘട്ടങ്ങളിൽ കൗണ്ടർമാരുടെ സേവനവും വിനിയോഗിക്കാവുന്നതാണ്.

4. നിലവിൽ ഉപയോഗിച്ചവരുന്ന അച്ചടി പേപ്പറിന്റെ ജി.എസ്.എം, ബ്രൈറ്റ്നസ്സ്, ഗുണനിലവാരം,സ്പെസിഫിക്കേഷൻ എന്നിവയിലുള്ള അതേ പേപ്പറുകൾ തന്നെ 2024-25 അദ്ധ്യയന വർഷത്തെയും പാഠപുസ്തക അച്ചടിക്കായി പർച്ചേസ് ചെയ്യേണ്ടതും, ഇതിനായി നിലവിൽ പർച്ചേസ് ചെയ്യുന്ന പേപ്പറിന്റേയും അച്ചടിക്ക് ഉപയോഗിക്കുന്ന മെഷീനുകളുടേയും വിവരം കെ.ബി.പി.എസ് സ്റ്റേഷനറി വകുപ്പിന് കൈമാറേണ്ടതുമാണ്. ടെണ്ടർ നടപടികളിലൂടെ പേപ്പർ വിതരണത്തിനായി കണ്ടെത്തുന്ന സ്ഥാപനം പേപ്പർ വിതരണം ആരംഭിക്കുന്നതിന് മുമ്പായി റീൽ ടെസ്റ്റ് നടത്തി പേപ്പർ റീലുകൾ അച്ചടിക്ക് അനുയോജ്യമാണോയെന്ന് ഉറപ്പുവരുത്തണം എന്ന നിബന്ധനയോടെ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിതരണം നടത്തുന്ന പേപ്പറിന്റെ ഇൻവോയിസ്സുകൾ സ്റ്റേഷനറി വകുപ്പ് മേലൊപ്പ് ചാർത്തി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ നിന്നും ധനാനുമതി ലഭ്യമാക്കി 20 ദിവസത്തിനുള്ളിൽ തുക മാറി നൽകേണ്ടതുമാണ്.

6. സ്റ്റേഷനറി വകുപ്പ് വാങ്ങി നൽകുന്ന അച്ചടി പേപ്പറിന്റെ ഉപയോഗം സംബന്ധിച്ച റീകൺസിലിയേഷൻ നടപടികൾ അച്ചടി വകുപ്പ് നടത്തേണ്ടതും. ഇതിനായി ഓരോ വാല്യം അച്ചടിക്കായും വിതരണം നടത്തിയിട്ടുള്ള പേപ്പറിന്റെ കണക്ക്. അച്ചടി ഉത്തരവ് എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടർ അച്ചടി വകുപ്പിന് കൈമാറേണ്ടതുമാണ്. ഇപ്രകാരമുള്ള റീകൺസിലിയേഷനു ശേഷം നീക്കിയിരിപ്പുള്ള അച്ചടി പേപ്പറിന്റെ അളവുകൾ കുറവ് വരുത്തിയാകണം അടുത്ത വർഷത്തെ ഭരണാനുമതിക്കായി

പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.

7. 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കായി സ്റ്റേഷനറി വകുപ്പ് മുഖേന വാങ്ങി നൽകുന്ന അച്ചടിപേപ്പറിന്റെ വേസ്റ്റേജ് വിറ്റഴിക്കുന്ന തുക പൂർണ്ണമായും സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഇതിനായി അച്ചടിക്കുപയോഗിക്കുന്ന മെഷിനുകളടെ സ്പെസിഫിക്കേഷൻ കെ.ബി.പി.എസ് അച്ചടിവകുപ്പിന് കൈമാറേണ്ടതും, ഓരോ മെഷീനിലും എത്ര ശതമാനം വേസ്റ്റേജ് ഉണ്ടാകാൻ സാധ്യതയുണ്ടെന്ന വിവരം അച്ചടി വകുപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സെപ്റ്റംബർ 10 നകം സ്റ്റോർ പർച്ചേസ് വകുപ്പിന് കൈമാറേണ്ടതുമാണ്. സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന് വിധേയമായ അനുപാതത്തിലുള്ള വേസ്റ്റേജിൽ നിന്നാകണം കെ.ബി.പി.എസ് അച്ചടി നടത്തേണ്ടത്.

8. 1,3,5,7,9 എന്നിങ്ങനെ 2024-25 അദ്ധ്യയന വർഷം കരിക്കുലം റിവിഷൻ വരുന്ന ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പൂർണ്ണമായും ലിപിമാറ്റം വരുത്തിയും മലയാളം അക്ഷരമാല ഉൾപ്പെടുത്തേണ്ട ടൈറ്റിലുകളിൽ അത്തരം മാറ്റങ്ങളും വരുത്തി സെപ്റ്റംബർ മാസം അവസാന വാരത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന കെ.ബി.പി.എസിന് കൈമാറേണ്ട നടപടി എസ്.സി.ഇ.ആർ.ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. 2024-25 അദ്ധ്യയന വർഷം കരിക്കുലം മാറ്റം വരാത്ത 2,4,6,8,10 എന്നീ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി, പേപ്പർ ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂട്ടി തന്നെ ആരംഭിക്കേണ്ടതാണ്.

9. 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കായുള്ള പേപ്പർ പർച്ചേസ് സംബന്ധിച്ച പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, സ്റ്റോർ പർച്ചേസ് വകുപ്പ്, ധനകാര്യ വകുപ്പ്, സ്റ്റേഷണറി വകുപ്പ്, അച്ചടി വകുപ്പ്, എസ്.സി.ഇ.ആർ.ടി, പാഠപുസ്തക ആഫീസ്, കെ.ബി.പി.എസ് എന്നിവരിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള നോഡൽ ഓഫീസർമാർ പ്രവർത്തിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം

സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം

പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

സ്റ്റോർ പർച്ചേസ് വകുപ്പ്

ധനകാര്യവകുപ്പ്

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Namitha T
സെക്ഷൻ ഓഫീസർ
Date: 24-08-2023 15:21:09

പകർപ്പ് - ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പി.എസിന്

വിദ്യാഭ്യാസ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്